പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3105 13.03.2018 ൽ മറുപടിയ്ക്ക്

## ചട്ടലംഘനം നടത്തി പുതുച്ചേരിയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചട്ടലംഘനം നടത്തി പുതുച്ചേരിയിൽ വാഹനം രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ മോട്ടോർ വാഹനവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ; | (എ) | വ്യാജ വിലാസത്തിൽ പോണ്ടിച്ചേരിയിൽ വാഹനം രജിസ്റ്റർ ചെയ്ത എന്നു കരുതപ്പെടുന്ന വാഹന ഉടമകൾക്കെതിരെ വിശദമായ അന്വേഷണം നടത്തി ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനുമായി ഇവരെ സംബന്ധിച്ച വിവരങ്ങൾ പോലീസിലേയ്ക്ക് കൈമാറുന്നുണ്ട്. കൂടാതെ നിശ്ചിത സമയ പരിധിക്കുള്ളിൽ നികുതി അടച്ച് വാഹനം കേരളത്തിൽ രജിസ്റ്റർ ചെയ്യാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ, വാഹനം പിടിച്ചെടുക്കൽ എന്നിവ അടക്കമുള്ള സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | ഇപ്രകാരം രജിസ്റ്റർ ചെയ്തവർക്ക് കേരളത്തിലേക്ക് രജിസ്ട്രേഷൻ മാറ്റാൻ നിശ്ചിത സമയം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ: | (ബി) | 2018-19 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഇപ്രകാരം രജിസ്റ്റർ ചെയ്തവർക്ക് കേരളത്തിൽ വാഹനം രജിസ്റ്റർ ചെയ്തിരുന്നെങ്കിൽ അടയ്ക്കേണ്ടിയിരുന്ന നികുതി അടച്ച് തുടർനടപടികളിൽ നിന്ന് ഒഴിവാകുന്നതിന് ഒരു ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. 2018 ഏപ്രിൽ 30 വരെ മാത്രമാണ് ഈ ആനുകൂല്യം നിലവിലുള്ളത്. |
| (സി) | ഇപ്രകാരമുള്ള രജിസ്ട്രേഷൻ കേരളത്തിലേക്ക് മാറ്റിയതു കാരണം സർക്കാരിനുണ്ടായ നികുതി വരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ? | (സി) | നിലവിൽ 162 വാഹന ഉടമകളിൽ നിന്നും 15,07,73,262/- രൂപ ടാക്സ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ